LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്ക് ശമ്പളം വരിക്കുന്നതിന് മാനേജർമാർ അണ്ടർടേക്കിംഗ് നൽകണമെന്ന വ്യവസ്ഥ

27 (6992) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികയിൽ നിയമിച്ച അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നതിന് മാനേജർമാർ അണ്ടർടേക്കിംഗ് നൽകണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നോ ; എങ്കിൽ ഈ വ്യവസ്ഥ പാലിച്ച സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രസ്തുത കാലയളവിലെ ശമ്പളം നൽകിയിട്ടുണ്ടോ ;

(ബി) അണ്ടർടേക്കിംഗ് നൽകാത്ത സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പള ആനുകൂല്യം നിഷേധിച്ചിട്ടുണ്ടോ ;

(സി) എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം ഏതെങ്കിലും മാനേജ്മെന്റ് പ്രസ്തുത വ്യവസ്ഥയ്ക്കുവിധേയമായി നിയമനം നടത്താൻ തയ്യാറായിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അത്തരം സ്കൂളുകളിലെ അദ്ധ്യാപകർക്ക് നൽകിയ ശമ്പളം തിരിച്ച് പിടിച്ചിട്ടുണ്ടോ ;

(ഇ) എഗ്രിമെന്റ് വച്ചെങ്കിലും അത് പാലിക്കാത്ത സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പള ആനുകൂല്യം വരിച്ച സാഹചര്യത്തിൽ അദ്ധ്യാപകരുടെ കുറ്റംകൊണ്ടല്ലാതെ എഗ്രിമെന്റ് വയ്ക്കാതിരുന്ന സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകാതിരിക്കുന്നത് വിവേചനപരമായതിനാൽ അവർക്കുകൂടി ശമ്പളകുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12-1-2010-ലെ സ.ഉ.(പി) നമ്പർ 10/10/പൊവിവ. പ്രകാരം അണ്ടർടേക്കിംഗ് നൽകണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നു. പ്രസ്തുത വ്യവസ്ഥകൾ പാലിച്ച സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. എന്നാൽ പ്രസ്തുത അദ്ധ്യാപകരെ പാക്കേജിൽ ഉൾപ്പെടുത്തി 1-6-2011 മുതൽ ശമ്പളം നൽകിയിട്ടുണ്ട്.

(സി ആന്റ് ഡി) എഗ്രിമെന്റ് വ്യവസ്ഥപ്രകാരം മാനേജർമാർ പ്രസ്തുത വ്യവസ്ഥയ്ക്ക് വിധേയമായി നിയമനം നടത്തിയിട്ടുണ്ട്. എഗ്രിമെന്റ് വച്ചിട്ട് അത് പാലിക്കാത്ത സ്കൂളുകളിൽ എഗ്രിമെന്റ് പ്രകാരം പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കേണ്ടിയിരുന്ന തസ്തികകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും നൽകിയിട്ടില്ല.

(ഇ) എഗ്രിമെന്റ് വയ്ക്കാതിരുന്ന സ്കൂളുകളിലെ അദ്ധ്യാപകർക്ക് സ.ഉ. 10/10/പൊവിവ നമ്പർ ഉത്തരവ് പ്രകാരം ശമ്പളം നൽകാൻ കഴിയില്ല. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയും ശരിവച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത അദ്ധ്യാപകരെ പാക്കേജിൽ ഉൾപ്പെടുത്തി 1-6-2011 മുതൽ ശമ്പളം നൽകിയിട്ടുണ്ട്.